# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 263 — 09.03.2015-ൽ മറുപടിയ്ക്ക്

### വനംവകുപ്പ് ഡിപ്പോകളിലെ മരം ലേലം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | |
| (എ) | വനം വകുപ്പ് ഡിപ്പോകളിലെ മരം ലേലം ഓൺലൈൻ വഴിയാക്കിയതിന്റെ ഗുണദോഷങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (എ) | ഇ-ലേലത്തിനായി M/s MSTC Ltd. യുമായി വനം വകുപ്പ് ഉണ്ടാക്കിയ 6 മാസ കാലാവധിയുള്ള കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട്, ഇ-ലേല വ്യവസ്ഥയുടെ ഗുണദോഷങ്ങൾ സംബന്ധിച്ച് പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | ഓൺലൈൻ ലേല നടപടി ആരംഭിച്ചതിനുശേഷം ഇന്നേവരെ വില്പനയിൽ കുറവുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | കുറവ് ഉണ്ടായിട്ടില്ല. |
| (സി) | ഓൺലൈൻ രീതി പരാജയപ്പെടുത്താനുദ്ദേശിച്ചു കൊണ്ട് കടുത്ത നിബന്ധനകൾ ഏർപ്പെടുത്തി എന്ന ആക്ഷേപം സർക്കാരിനറിയുമോ എന്ന് വ്യക്തമാക്കാമോ: | (സി) | കടുത്ത നിബന്ധനകൾ ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല. മുൻപിനാലെയുള്ള ലേല നിബന്ധനകൾ ആണ് ഇപ്പോഴും തുടർന്ന് പോരുന്നത്. |
| (ഡി) | അനുവർത്തിച്ചുപോന്നിരുന്ന ലേലനടപടി, ഓൺലൈനിലാക്കിയപ്പോൾ കടുത്ത | (ഡി) | ശരിയല്ല. |

| | | | |
|---|---|---|---|
| | നിബന്ധനകൾ സാധാരണക്കാരെ ലേലത്തിൽ നിന്നും അകറ്റാനിടയാക്കിയെന്നറിയുന്നത് ശരിയാണോ എന്ന് വ്യക്തമാക്കാമോ; | | |
| (ഇ) | ഓൺലൈനിലൂടെയുള്ള മരം ലേല നടപടി സാധാരണക്കാരെ ബുദ്ധിമുട്ടിക്കാതെ സുതാര്യവും ലളിതവുമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (ഇ) | സുതാര്യവും, ലളിതവുമായാണ് ഇ-ലേല നടപടികൾ നടത്തി വരുന്നത്. മാത്രമല്ല, ലേലം സ്ഥിരപ്പെടുത്തുന്നതിന് ഏഴ് ദിവസത്തെ സമയമാണ് പരിധിയായി നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ ലേല നടപടികൾ സമയബന്ധിതമായി പൂർത്തിയാകുന്നു. |
| (എഫ്) | വനം വകുപ്പിലെ ചില അധികാരികളും മരവ്യാപാരികളും തമ്മിലുള്ളതായി ആക്ഷേപിക്കപ്പെട്ട അവിശുദ്ധ ബന്ധം ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | അവിശുദ്ധ ബന്ധം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇ-ലേല നടപടി സുതാര്യവും ലളിതവുമായതിനാൽ മേൽ സൂചിപ്പിച്ച പ്രകാരമുള്ള അവിശുദ്ധ ബന്ധം ഉണ്ടാകുവാനുള്ള സാഹചര്യം ഒഴിവാകുകയാണ് ഉണ്ടായത്. |

Chitra

സെക്ഷൻ ഓഫീസർ.